KSACS

**Kerala State AIDS Control Society**
Red Cross Road
Thiruvananthapuram - 695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: info@ksacs.in

03/10/2009

# ദേശീയ രക്തദാനദിനം: തൃശൂരിൽ രക്തദാനത്തിൽ റിക്കാർഡ്

**തൃശൂർ:** ദേശീയ രക്തദാനദിനാചരണത്തിന്റെ ഭാഗമായി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന മെഗാ രക്തദാന ക്യാമ്പ് കേരളത്തിന്റെ രക്തദാന ക്യാമ്പുകളുടെ ചരിത്രത്തിൽ റിക്കാർഡ്. മൊത്തം 388 പേരാണ് ഇവിടെ രക്തം ദാനം ചെയ്തത്. കേരളത്തിൽ ഒറ്റ ക്യാമ്പിൽ ഇത്രയധികം പേർ ഇതിനു മുമ്പ് രക്തം ദാനം ചെയ്തിട്ടില്ല. രക്തം ദാനം ചെയ്യാൻ സന്നദ്ധരായി 496 പേരാണ് എത്തിയത്. എന്നാൽ ആരോഗ്യപരമായ കാരണങ്ങൾ 108 പേരിൽ നിന്ന് രക്തം സ്വീകരിച്ചില്ല.

സന്നദ്ധരക്തദാനം പ്രോത്സാഹിപ്പിക്കുന്നതിനായി ഈ വർഷം ആദ്യം മുതൽ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നടത്തി വരുന്ന പരിശ്രമങ്ങളുടെ വിജയം കൂടിയാണിത്. തൃശൂരിൽ പ്രാദേശികമായി നടത്തിയ ഒരുക്കങ്ങളും രക്തദാന ക്യാമ്പ് വൻവിജയമാകുന്നതിന് സഹായിച്ചു.

തൃശൂർ അസിസ്റ്റന്റ് കളക്ടർ എം.ജി. രാജമാണിക്യത്തിന്റെ നേതൃത്വത്തിലായിരുന്നു ഇവിടെ രക്ത ദാനക്യാമ്പിന്റെ ആസൂത്രണവും നടത്തിപ്പും. അദ്ദേഹം ക്യാമ്പിൽ രക്തം ദാനം ചെയ്തു. തൃശൂർ എം.എൽ.എ തേറമ്പിൽ രാമകൃഷ്ണൻ ക്യാമ്പിൽ സന്നിഹിതനായിരുന്നു. ലോകത്തിലെ ഏറ്റവും വലിയ രക്തദാനക്യാമ്പ് എന്ന പേരിൽ ഗിന്നസ് ബുക്കിൽ കയറിപ്പറ്റിയ 3000 പേർ പങ്കെടുത്ത മധു രയിലെ രക്തദാനക്യാമ്പിന്റെ മുഖ്യസംഘാടകരിലൊരാളായിരുന്നു രാജമാണിക്യം. ജില്ലാ ഭരണ കൂടത്തിന്റെയും ജില്ലയിലെ ആരോഗ്യവകുപ്പിന്റെയും സജീവപിന്തുണയും സഹകരണവും ക്യാമ്പി നുണ്ടായിരുന്നു.

റാലിയും പൊതുസമ്മേളനവും ഉൾപ്പെടെ തൃശൂരിൽ ദിനാചരണത്തിന്റെ സംസ്ഥാനതല പരിപാടി കൾ വിപുലമായി നടത്താൻ തീരുമാനിച്ചിരുന്നെങ്കിലും തേക്കടി ദുരന്തത്തെ തുടർന്ന് റദ്ദാക്കുകയാ യിരുന്നു.

ഒക്ടോബർ ഒന്നിന് രാവിലെ 8.30 ന് ഇൻഡോർ സ്റ്റേഡിയത്തിൽ രക്തദാന ക്യാമ്പ് ആരംഭിച്ചു. തേക്കടി ദുരന്തത്തിൽ അനുശോചിച്ച ശേഷമാണ് ക്യാമ്പ് തുടങ്ങിയത്. കോ ഓപ്പറേറ്റീവ് ആർട്സ് ആൻഡ് സയൻസ് കോളജ്, സെന്റ് മേരീസ് കോളജ്, വിമല കോളജ്, വിമെൻസ് പോളിടെക്നിക്ക് നെടുപുഴ, സെന്റ് അലോഷ്യസ് കോളജ് എൽത്തുരുത്ത്, ഗവൺമെന്റ് എൻജിനീയറിംഗ് കോളജ്, പ്രതിഭ കോളജ്, വെറ്റിനറി കോളജ്, സെന്റ് തോമസ് കോളജ്, ഗവൺമെന്റ് പോളിടെ ക്നിക്ക് ചേലക്കര, ഹദ വിദ്യാഗുരുകുലം തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള വിദ്യാർഥികളും ഐ.എം.എ, ജേസീസ് തൃശൂർ, കെ.സി.വൈ.എം, അഖില ഭാരതീയ മറാത്തി സംഘ് എന്നിവയുടെ പ്രവർത്തകരും രക്തം ദാനം ചെയ്തു.

സംസ്ഥാനവ്യാപകമായി ഇതേദിവസം സംഘടിപ്പിച്ച രക്തദാനക്യാമ്പുകളിലൂടെ ആയിരത്തി നാനൂ റോളം പേർ രക്തം ദാനം ചെയ്തു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ജില്ലാ ഭരണകൂടം, ജില്ലാ മെഡിക്കൽ ഓഫീസുകൾ, രക്തബാങ്കുകൾ, ജില്ലാതല സന്നദ്ധ രക്തദാന ഫോറങ്ങൾ, ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രമോഷൻ ട്രസ്റ്റ് എന്നി വയുടെ സഹകരണത്തോടെയാണ് പരിപാടികൾ സംഘടിപ്പിച്ചത്.

ഇക്കഴിഞ്ഞ ലോകരക്തദാതൃദിനത്തോടനുബന്ധിച്ച് കൊച്ചിയിൽ നടന്ന രക്തദാന ക്യാമ്പായിരുന്നു ഇതുവരെ കേരളത്തിൽ നടന്ന ഏറ്റവും വലിയ രക്തദാന ക്യാമ്പ്. അന്ന് മുന്നൂറോളം പേരായി രുന്നു ക്യാമ്പിൽ രക്തം ദാനം ചെയ്തത്.

*ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.*

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**